# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIV - JK 102 | 2026 May 24 | No. 7


## PASTORAL LETTER - 4

# മതബോധനവർഷാരംഭം

## 2026 – 2027

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

കത്തോലിക്കാ തിരുസഭയുടെ 267-ാമത്തെ പാപ്പായായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ലെയോ പതിനാലാമൻ പാപ്പാ, 2026 ജനുവരി മുതൽ 2027 ജനുവരിവരെ വി. ഫ്രാൻസിസ് അസ്സീസിയുടെ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കത്തോലിക്കാ സഭയിൽ രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന വി. ഫ്രാൻസിസ് അസ്സീസിയുടെ 800-ാം ചരമവാർഷികമാണ് ഈ വർഷം. ഈ മഹാ വിശുദ്ധന്റെ ദൈവിക ജീവിതവും, വിനയവും, ദരിദ്രരോടുള്ള കരുണയും പ്രകൃതിസ്നേഹവുമെല്ലാം വിശ്വാസികൾക്ക് ആഴത്തിൽ അറിയുവാനാണ് ഈ ആചരണം ലക്ഷ്യമിടുന്നത്.

2026-2027 വിശ്വാസ പരിശീലന വർഷം, വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സമാധാന പ്രാർത്ഥന അടിസ്ഥാനമാക്കി 'കർത്താവേ,

എന്നെ, അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമെ' എന്ന ആപ്തവാക്യമാണ് സ്വീകരിച്ചിരിക്കുന്നത്.

നമ്മുടെ അതിരൂപതയിൽ 2026 മെയ് 31-ന് വിശ്വാസവർഷ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ലോകത്ത് പലയിടത്തും യുദ്ധത്തിന്റെ അരക്ഷിതാവസ്ഥയിലൂടെ കടന്നുപോകുന്ന ഈ സാഹചര്യത്തിൽ എന്തുകൊണ്ടും അർത്ഥവത്താണ് ഈ സമാധാന പ്രാർത്ഥന. വിശുദ്ധന്റെ പ്രകൃതി സ്നേഹം, ഭൂമിയുടെ സന്തുലികാവസ്ഥ നിലനിൽക്കുന്നതിനുവേണ്ടി ക്രൈസ്തവ സമൂഹം നിർവഹിക്കേണ്ട കടമകളെപറ്റി ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യവും ഈ ആചരണത്തിന്റെ പ്രസക്തി കൂട്ടുന്നു. ഈ പശ്ചാത്തലത്തിൽ ചില കാര്യങ്ങൾ നിങ്ങളെ അനുസ്മരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## നാം സമാധാനപാലകർ

വിശ്വാസപരിശീലനത്തിലൂടെ നാം കൈവരിക്കേണ്ട ഏറ്റവും പ്രധാന കാര്യം നാം ഓരോരുത്തരും ദൈവത്തിന്റെ പ്രിയ മകൻ / മകളാണ് എന്ന തിരിച്ചറിവാണ്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ ജീവിതത്തിലൂടെ (യോഹ 15:16) ഈ ലോകത്ത് സ്നേഹം, കരുണ, ദയ, ക്ഷമ, സമാധാനം എന്നിവ സ്ഥാപിക്കാൻ കടപ്പെട്ടവരാണ് നാം. പൂർവ്വപിതാവായ അബ്രാഹത്തോടു ദൈവം ഇപ്രകാരം അരുളിചെയ്തു.

'ഞാൻ നിന്നെ വലിയൊരു ജനതയാക്കും.
നിന്നെ ഞാൻ അനുഗ്രഹിക്കും .
നിന്റെ പേര് ഞാൻ മഹത്തമമാക്കും. അങ്ങനെ നീ ഒരു
അനുഗ്രഹമായിരിക്കും' *(ഉൽപ: 12:2)*

## വിശുദ്ധഗ്രന്ഥം ഉറച്ച അടിസ്ഥാനം

മുൻവർഷങ്ങളിലെപ്പോലെ തന്നെ ബൈബിൾ അധിഷ്ഠിത വിശ്വാസ പരിശീലനമാണ് നാം ഈ വർഷവും നടത്തുന്നത്. വിശുദ്ധ ബൈബിൾ വായിക്കുക, എഴുതുക, ജീവിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ദൈവം നമ്മോട് സംസാരിക്കുന്നത് ദൈവ

വചനത്തിലൂടെയാണ്. ദൈവവചനം അടിസ്ഥാനമിട്ട് ജീവിക്കുന്നവനെ യേശു വിളിക്കുന്നത് ഉറച്ച അടിസ്ഥാനമെന്നാണ് (ലൂക്കാ 6 : 46-49) 2026-ൽ വി. മത്തായി എഴുതിയ സുവിശേഷം കുടുംബസമേതം എഴുതി ആഗസ്റ്റ് 15-ന് ഓരോ ഇടവകയിലും ദിവ്യബലിമധ്യേ സമർപ്പിക്കാവുന്നതാണ്.

ഈ വർഷവും ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് മെമ്മോറിയൽ ബൈബിൾ ക്വിസ് സംഘടിപ്പിക്കുന്നുണ്ട്. വി. യോഹന്നാൻ എഴുതിയ സുവിശേഷമാണ് പഠനവിഷയം. STD 5 മുതൽ 12 വരെയുള്ള കുട്ടികളിൽ നിന്നും അല്മായരിൽ നിന്നും ഒരാൾക്ക് വിശുദ്ധനാട് തീർത്ഥാനത്തിന്റെ ടിക്കറ്റ് ആയിരിക്കും ഒന്നാം സമ്മാനം. രണ്ടാം സമ്മാനം ഒരു ലാപ്ടോപ്പ്, മൂന്നാം സമ്മാനം ഒരു ടാബ്ലറ്റ്. Sunday Care മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് (യോഹ:1-12 അദ്ധ്യായം) വണ്ടർലാ അമ്യൂസ്മെന്റ് പാർക്കിലേക്ക് പ്രവേശനടിക്കറ്റ് ലഭിക്കും. ഈ മത്സരത്തിന്റെ ലക്ഷ്യം വി. ബൈബിൾ വായിക്കുക, പഠിക്കുക, ജീവിതത്തിന്റെ ഉറച്ച അടിസ്ഥാനമാക്കുക എന്നതാണ്.

## വിശ്വാസ പരിശീലന ലക്ഷ്യം

വിശ്വാസ പരിശീലനപ്രവർത്തനങ്ങളുടെ പ്രഥമലക്ഷ്യം ത്രിയേക ദൈവത്തെയും ലോക രക്ഷകനായ യേശു സ്ഥാപിച്ച തിരുസഭയെയും അറിയുന്നതിലൂടെ എല്ലാ മക്കളും അത്മരക്ഷ നേടുകയെന്നതാണ്. ആയതിനാൽ മുടക്കം വരാതെ ഞായറാഴ്ച്ചകളിലും സാധിക്കുന്ന മറ്റുദിവസങ്ങളിലും ദിവ്യബലിയിൽ പങ്കെടുക്കുക, വിശ്വാസ പരിശീലന ക്ലാസ്സുകളിൽ സംബന്ധിച്ച് സത്യവിശ്വാസം ആർജിച്ച് കാരുണ്യ പ്രവർത്തനത്തിലൂടെ മറ്റുള്ളവർക്ക് നൻമ ചെയ്തു യേശുവിന്റെ പ്രിയ മകനായി/മകളായി ജീവിക്കാൻ പരിശ്രമിക്കുകയും ചെയ്യുക എന്നതാണ്.

## 'ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?'

സ്വന്തം ആത്മാവിനെ നശിപ്പിക്കുന്ന ഈ ലോകത്തിന്റെ മായാമോഹങ്ങളിൽ നിന്നും മാറി നിൽക്കാൻ പരിശ്രമിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. അതിനായി നിങ്ങൾ നന്നായി പ്രാർത്ഥിക്കണം. ലഹരി ഉപയോഗം, തെറ്റായ കൂട്ടുകെട്ട്, സാമൂഹ്യ മാധ്യമങ്ങളുടെ അമിത ഉപയോഗം എന്നിവയെല്ലാം ദൈവിക സാന്നിധ്യത്തിൽ നിന്ന് നമ്മെ ദൂരെയാക്കും. ആയതിനാൽ എന്നെന്നും നിതാന്ത ജാഗ്രത നമുക്ക് ഉണ്ടാകണമെന്നും ഞാൻ അനുസ്മരിപ്പിക്കുന്നു.

## ഈ വർഷത്തിൽ നാം ഊന്നൽ നൽകേണ്ട കാര്യങ്ങൾ

ഈ വർഷം വിശ്വാസ പരിശീലനത്തിൽ നാം ഏറ്റവും കുടുതൽ പ്രാധാന്യം നൽകുന്നത് അടിസ്ഥാന പ്രാർത്ഥനകൾ പഠിക്കുന്നതിനാണ്. Sunday Care മുതൽ കുട്ടികൾ അടിസ്ഥാന പ്രാർത്ഥനകൾ കാണാതെ പഠിക്കേണ്ടതും മനസ്സിലാക്കി പഠിക്കേണ്ടതുമായ പ്രാർത്ഥനകൾ പഠിക്കണം. വിശ്വാസ പരിശീലകർ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. 9-ാം ക്ലാസ്സു മുതൽ 13-ാം ക്ലാസ്സുവരെയുള്ള കുട്ടികൾ പഠിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കണം. പ്രത്യേകിച്ച് കാരുണ്യപ്രവൃത്തികൾ ചെയ്യാൻ സമയം കണ്ടെത്തണം. 'പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജീവമാണ്' (യാക്കോബ് 2:17) എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്.

## സ്നേഹഭവനം പദ്ധതിയിൽ കൈകോർക്കാം

ഈ വർഷം ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ നാം നടപ്പിലാക്കുന്ന കാരുണ്യ പ്രവർത്തികളിലൂടെ ഫണ്ട് ശേഖരിച്ച് നമ്മുടെ സ്നേഹഭവനം പദ്ധതിയിലും നിങ്ങൾ പങ്കുചേരുമല്ലോ. അങ്ങനെ സ്വന്തം വീടും സ്ഥലവും ഇല്ലാത്ത നമ്മുടെ കുടുംബങ്ങളെ സഹായിക്കാൻ നല്ല സമരിയാക്കാരാകാൻ നമുക്ക് പരിശ്രമിക്കാം.

വിശ്വാസപരിശീലനത്തിന്റെ പ്രവർത്തനങ്ങൾ വിജയകരമാക്കി മാറ്റാൻ ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ബഹു.

വികാരിയച്ചൻമാർ, സഹവികാരിമാർ, സന്ന്യസ്തർ, വൈദിക വിദ്യാർത്ഥികൾ, നിസ്വാർത്ഥമായി സേവനം ചെയ്യുന്ന വിശ്വാസ പരിശീലനകമ്മീഷൻ അംഗങ്ങൾ, പ്രൊമോട്ടേഴ്സ്, മെന്റേഴ്സ്, വിശ്വാസ പരിശീലകരായ അധ്യാപകർ, PTA അംഗങ്ങൾ എന്നിവർക്ക് ഞാൻ യേശുവിന്റെ നാമത്തിൽ നന്ദി പറയുന്നു. സുവിശേഷ യാത്ര കഴിഞ്ഞ് തിരിച്ചെത്തിയ ശിഷ്യൻമാരോട് യേശു അരുളിചെയ്തതു പോലെ, (ലൂക്കാ10: 20) നിങ്ങളുടെ വലിയ പ്രേഷിത പ്രവർത്തനത്തിന് സ്വർഗത്തിൽ നിങ്ങളുടെ പേര് എഴുതി ചേർക്കപ്പെടട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പുതിയൊരു അധ്യയനവർഷത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുന്ന എല്ലാ മക്കളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2026 മെയ് 24-ാം തീയതി,

✠ **ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: **ഈ ഇടയലേഖനം 2026 മെയ് 31-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

# CASUS
# June 2026

## THE FIVE PRECEPTS OF THE CHURCH

In the transition from the 1917 Code of Canon Law to the 1983 Code and the subsequent 1992 Catechism (CCC 2041), the list was streamlined from six or seven precepts down to five.

The 1994 Catechism promulgated during the papacy of Pope St. John Paul II lists only five precepts. They are:

1. "You shall attend Mass on Sundays and on holy days of obligation and rest from servile labor."
2. "You shall confess your sins at least once a year."
3. "You shall receive the sacrament of the Eucharist at least during the Easter season."
4. "You shall observe the days of fasting and abstinence established by the Church."
5. "You shall help to provide for the needs of the Church."

(CCC 2042-2043)

**What was the "Missing" Precept?**

*"Not to marry persons who are not Catholics, or who are related to us within a forbidden degree of kindred, nor privately without witnesses, nor to solemnize marriage at forbidden times."*

Historically, the sixth precept was: "To obey the laws of the Church concerning Matrimony." Depending on the era and the specific catechism it was often worded as a prohibition against marrying non-Catholics without a dispensation or marrying within forbidden degrees of kinship.

**Why was it removed from the Core List?**

The omission in the 1992 Catechism (CCC 2041–2043) was not a rejection of marriage laws, but a result of theological re-categorization:

It is unclear why the 1994 Catechism of the Catholic Church omitted the traditional precept on marriage. Following the ecumenical focus of the Second Vatican Council and Pope Paul VI's 1970 *motu proprio* on mixed marriages, it appears that the Church may have simply agreed to the increasing indifference among many Catholics who did not see their faith as a priority when choosing a spouse. Considering the confusion among the faithful regarding marriage in recent decades, it would seem that now is the time to highlight, rather than delete, this precept from the catechetical life of the Church.

The current five precepts are intended to be the universal minimum for all baptized Catholics. Because marriage is a specific vocation and not a requirement for salvation (unlike the Eucharist or Confession), modern theologians argued it did not fit the definition of a "universal precept" for every person (e.g., celibate clergy or single laity).

Following the Second Vatican Council, the Church moved toward a more pastoral approach. The 1970 *Motu Proprio* on mixed marriages and the 1983 Code of Canon Law relaxed some of the rigid legalisms surrounding marriage to focus more on the internal conscience and the shared faith of the couple.

The 1983 Code reduced the number of canons significantly. By removing the marriage precept from the "shortlist," the Church aimed to emphasize the sacramental and liturgical life (Mass, Penance, Fasting) as the primary drivers of spiritual health.

Does the "Removed" Rule still apply?

Yes. The removal of the precept from the "Five Precepts" list does not mean the laws themselves are gone. As regards justice, Catholics are

bound to observe the laws of the Church just as they are obligated to keep the Ten Commandments. Many of the Church's laws have been long established and observed by the faithful for centuries. Altogether, the Deposit of Faith, which a Catholic must believe in order to be truly a Catholic, requires Catholics to observe the Precepts (rules) of the Church.

The Precepts of the Church are not all-inclusive in terms of the rules for living a Catholic life. There are other laws that Catholics are bound to observe that are not listed in the Precepts of the Church.

Catholics are still legally and morally bound by the Code of Canon Law regarding marriage (Canons 1055–1165). For a Catholic, "observing the laws of the Church on marriage" remains a requirement for the marriage to be considered valid and for the individual to remain in a state of grace. Paragraph 2041 of CCC notes that the precepts are set in the context of a "moral life." Obeying marriage laws is seen as a subset of the broader moral life rather than a standalone "minimum" rule.

To sum up, the reduction to five precepts was a move toward 'universality'. It ensured that the "minimum" requirements applied to every single Catholic regardless of their state in life, while moving specialized vocational laws (like those for marriage) into the broader body of Canon Law.

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21